## സംസ്ഥാനവാർത്തകൾ

### കാർഷിക വായ്പയുടെ മറവിൽ കുട്ടനാട്ടിൽ കോടികളുടെ തട്ടിപ്പ്

സ്വയംസഹായസംഘങ്ങൾക്കും ഗ്രൂപ്പുകൾക്കും നൽകുന്ന കാർഷിക വായ്പകളുടെ മറവിൽ കുട്ടനാട്ടിൽ കോടികളുടെ തട്ടിപ്പ്. കർഷകരുടെ പേരിൽ വ്യാജ ഒപ്പിട്ടാണ് പണംതട്ടിയത്.കർഷകർക്ക് ജപ്തിനോട്ടീസ് ലഭിച്ചതോടെയാണ് തട്ടിപ്പിന്റെ വിവരം പുറത്തുവന്നത്.വായ്പകൾ തിരിച്ചടയ്ക്കാത്തതിനെത്തുടർന്ന് 250 കർഷകർക്കാണ് ബാങ്കുകൾ ജപ്തിനോട്ടീസ് അയച്ചത്.ഇവർ ബാങ്കുകളിൽ അന്വേഷിച്ചപ്പോൾ തിരിച്ചറിയൽരേഖ പോലുമില്ലാതെ വ്യാജ ഒപ്പിട്ട് വായ്പ നൽകിയതെന്ന വിവരം ലഭിച്ചു. ചുരുക്കം ചിലർക്കുമാത്രമാണ് പേരിനെങ്കിലും വായ്പാപണം കിട്ടിയത്. ബാക്കി പണം എങ്ങോട്ടുപോയെന്നോ ആരു കൈപ്പറ്റിയെന്നോ കർഷകർക്കറിയില്ല.

**(മാ.19/02)**

### കെട്ടിടനികുതി വർഷം അഞ്ചുശതമാനം കൂട്ടും

കെട്ടിടനികുതി വർഷംതോറും അഞ്ചുശതമാനം കൂട്ടിയുംകൂട്ടുതൽ വിഭാഗങ്ങളെ തൊഴിൽക്കരത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയും തദ്ദേശ സ്ഥാപനങ്ങളുടെ നികുതികളും സേവനഫീസുകളും പരിഷ്കരിക്കുന്നു. വരുന്ന സാമ്പത്തികവർഷം വർധന നടപ്പാക്കും.തദ്ദേശസ്ഥാപനങ്ങളുടെ വിഹിതവും വരുമാനവും കൂട്ടാനുള്ള അഞ്ചാം ധനകാര്യ കമ്മിഷന്റെ ശുപാർശകളനുസരിച്ചാണിത്.

**(മാ.,19/02)**

*******